## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1664

10.03.2020 ൽ മറുപടിയ്ക്ക്

## അസിസ്റ്റന്റ് സെയിൽസ്‌മാൻ തസ്തികയിലേക്കുള്ളപി.എസ്.സി. റാങ്ക് ലിസ്റ്റ്

ചോദ്യം
ശ്രീ.കെ.എം.ഷാജി

ഉത്തരം
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും എത്ര ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 27 ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ഇവർക്ക് എന്നത്തേയ്ക്ക് നിയമന ഉത്തരവ് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ; | (ബി) | നിയമന ശിപാർശ നല്കുന്നതിനുള്ള നടപടികൾ പി.എസ് സി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണ്. |
| (സി) | പ്രസ്തുത തസ്തികയിൽ 24/10/2019 ലെ അപ്പോയ്മെന്റ് ചാർട്ടിൽ ക്രമനമ്പർ പതിനാറ് ആയി ഒ.ബി.സി. സംവരണത്തിന് ഒരൊഴിവ് മാറ്റി വച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ ഒരൊഴിവ് ഒഴിച്ചിടാനുള്ള കാരണം വ്യക്തമാക്കുമോ; | (സി) (ഡി) & (ഇ) | അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയുടെ റാങ്ക് പട്ടികയിൽ നിന്നും നിയമന ശിപാർശക്കായി 24.10.2019 ന് അംഗീകരിച്ച റൊട്ടേഷനിൽ ഉൾപ്പെട്ട OBC വിഭാഗത്തിന്റെ ഒരൊഴിവ് മാറ്റി വച്ചിരുന്നു. പി.എസ്.സി നടത്തിയ പരീക്ഷയ്ക്ക് ഹാജരാക്കിയ തിരിച്ചറിയൽ പത്രികയിൽ കൃത്രിമം കാണിച്ച എന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എല്ലാ തെരഞ്ഞെടുപ്പുകളിലും പങ്കെടുക്കുന്നതിൽ നിന്നും അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയുടെ റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥിയെ സ്ഥിരമായി വിലക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉദ്യോഗാർത്ഥിയെ വിലക്ക് നിലവിൽ വരുന്നതിനു മുമ്പ് |
| (ഡി) | പ്രസ്തുത തസ്തികയിൽ നിയമന ഉത്തരവ് നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഒ.ബി.സി. വിഭാഗത്തിന് നിയമനം തടസ്സപ്പെടുത്തുന്ന തിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ; മതിയായ രേഖകളില്ലാതെ ഒ.ബി.സി. വിഭാഗത്തിൽ ആരെങ്കിലും പ്രസ്തുത റാങ്ക് ലിസ്റ്റിൽ കടന്ന് കൂടിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | | നടന്ന തെരഞ്ഞെടുപ്പിൽ അയോഗ്യരാക്കുകയോ റാങ്ക് പട്ടികയിൽ നിന്ന് നീക്കം ചെയ്യുകയോ ചെയ്യേണ്ടതില്ലെന്ന് ഉത്തരവായിട്ടുണ്ട്. |
| (എഫ്) | ഈ തസ്തികയിലേയ്ക്കുള്ള നിയമന നടപടികൾ എന്നത്തേയ്ക്ക് പുനഃരാരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (എഫ്) | പി.എസ്.സി യിൽ നിന്ന് നിയമന ശിപാർശ ലഭ്യമായാൽ ഉടൻതന്നെ നിയമന നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ